**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** **31-01-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം തടയാൻ സത്വര നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണം അതിരൂക്ഷമായി തുടരുകയും ഏഴ് വർഷത്തിനിടെ വന്യജീവി ആക്രമണങ്ങളിൽ എണ്ണൂറിൽ അധികം മനുഷ്യർ കൊല്ലപ്പെടുകയും ചെയ്തിട്ടും ഇതിനെതിരെ സത്വര നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; | (എ) | വന്യജീവി ആക്രമണങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ ആവശ്യമായ സത്വരനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ വന്യജീവികൾ നാട്ടിലിറങ്ങിയാൽ ഉടൻതന്നെ അവയെ വനത്തിനുള്ളിലേക്ക് മടക്കി അയക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | ജനവാസമേഖലകളും വനവും തമ്മിൽ വേർതിരിക്കുന്നതിന് ഭിത്തി, വേലി എന്നിവ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ജനവാസ മേഖലകളോട് ചേർന്നുള്ള വനാതിർത്തികളിൽ കാലാകാലങ്ങളായി സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, എലിഫന്റ് പ്രൂഫ് ട്രഞ്ച്, എലിഫന്റ് പ്രൂഫ് വാൾ, ബയോ ഫെൻസിംഗ് മുതലായവ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നുണ്ട്. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ വനാതിർത്തികളിൽ 1308.64 കി.മീ സോളാർ ഫെൻസിംഗ്, 66.25 കി.മീ സോളാർ ഹാങിംഗ് ഫെൻസിംഗ്, 81.65 കി.മീ ആനകിടങ്ങ്, 10 കി.മീ. റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ചി ട്ടുണ്ട്.<br><br>നിലവിൽ വിവിധ സർക്കിളുകളിലായി നടന്നു വരുന്ന പ്രതിരോധ പ്രവർത്തികളുടെ വിവരം ചുവടെ പറയുന്നു.<br><br>സതേൺ സർക്കിളിന്റെ പരിധിയിൽ വന്യജീവി ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ജനവാസ മേഖലകളിൽ വന്യമൃഗ ശല്യം ഫലപ്രദമായി നേരിടുന്നതിന് വിവിധ ഡിവിഷനുകളിലായി NABARD Tranche XXIX ൽ ആനക്കിടങ്ങ് 40.10 km, സൗരോർജ്ജ വേലി 89.05 സൗരോർജ്ജ തൂക്ക് |

| | | | |
|---|---|---|---|
| | | | വേലി 49.7 km നിർമ്മിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട് .<br><br>ഹൈറേഞ്ച് സർക്കിളിൽ വിവിധ ഡിവിഷനുകളിലായി 163.41 കി.മീ സോളാർ ഹാങ്ങിംഗ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.<br><br>സെൻട്രൽ സർക്കിളിൽ 2023-24 സാമ്പത്തിക വർഷത്തിൽ 1.6 കി.മി സൗരോർജ്ജവേലിയും 1.5 കി.മി. സോളാർ തൂക്കുവേലിയും നിർമ്മിച്ചിട്ടുണ്ട്. വിവിധ ഡിവിഷനുകളിലായി 108 കി.മി. സോളാർ ഹാങ്ങിംഗ് ഫെൻസ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>ഈസ്റ്റേൺ സർക്കിളിൽ 2022-23 സാമ്പത്തിക വർഷത്തിൽ വിവിധ ഡിവിഷനുകളിലായി അനുമതി നൽകിയ പ്രവർത്തനങ്ങളിൽ 101.50 കി.മി സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നുണ്ട്. 2023-24 വർഷത്തിൽ 136 കി.മി സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള അനുമതി നബാർഡ് സ്കീമിൽ ലഭ്യമായിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് 13 കി.മി സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്.<br><br>നോർത്തേൺ സർക്കിളിൽ വിവിധ ഡിവിഷനുകളിലായി 316.42 കി.മീ സോളാർ ഹാങ്ങിംഗ് ഫെൻസ്, 9 കി.മീ സോളാർ ഫെൻസ്, 16.41 കി.മീ. ദൂരത്തിൽ<br>ക്രാഷ് ഗാഡ് ഫെൻസിംഗ് നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>പാലക്കാട് വൈൽഡ് ലൈഫ് സർക്കിളിൽ, ഹാങ്ങിങ് സോളാർ ഫെൻസ് -15 കി.മീ നിർമ്മാണ പ്രവർത്തി നടന്നുവരുന്നു. ആറളം വൈൽഡ് ലൈഫ് ഡിവിഷനിൽ 10.5 കി.മീ ദൂരത്തിൽ ആനപ്രതിരോധമതിലിന്റെ നിർമ്മാണം നടന്നു വരുന്നു. |
| (സി) | വനത്തിനുള്ളിൽ തീറ്റയും കുടിവെള്ളവും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിലാണ് വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ; | (സി) | വനത്തിനുള്ളിൽ തീറ്റയും കുടിവെള്ളവും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിലാണ് വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പാരിസ്ഥിതിക അസന്തുലിതാവസ്ഥയും , വനങ്ങളുടെ തുടർച്ചയില്ലായ്മയും, വന്യജീവികളെ ആകർഷിക്കുന്ന തരത്തിലുള്ള വിളകളുടെ കൃഷി വനങ്ങളോട് ചേർന്ന |

| | | | |
|---|---|---|---|
| | | | കൃഷിയിടങ്ങളിൽ വർദ്ധിക്കുന്നതും വന്യജീവികൾ ജനവാസമേഖലകളിലേക്ക് കടന്നു വരുന്നതിന്റെ കാരണങ്ങളാണ്. വനത്തിനുള്ളിലെ സെറ്റിൽമെന്റുകളിൽ ജനസംഖ്യയിലുണ്ടായ വർദ്ധനവ്, വനത്തിനുള്ളിലെ കാലിമേച്ചിൽ, വനത്തിനുള്ളിൽ നിന്നുള്ള പുല്ല് ശേഖരണം, കാട്ടുപന്നികളുടെ എണ്ണത്തിലുണ്ടായ കുറവ് എന്നിവയും വന്യജീവികൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നതിനുള്ള മറ്റ് കാരണങ്ങളാണ്. |
| (ഡി) | വന്യജീവികൾക്ക് വനത്തിനുള്ളിൽ തീറ്റയും കുടിവെള്ളവും ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | വന്യജീവികൾക്ക് വനത്തിനുള്ളിൽ കുടിവെള്ളം ഉറപ്പ് വരുത്തുന്നതിന് കുളങ്ങൾ, ചെക്ക് ഡാമുകൾ, എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. വേനൽക്കാലങ്ങളിൽ മണൽചാക്ക്, ബ്രഷ്വുഡ് തുടങ്ങിയവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ നിർമ്മിച്ചുവരുന്നുണ്ട്. നിലവിലുള്ള ചെക്ക്ഡാമുകൾ, കുളങ്ങൾ എന്നിവയിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്ത് ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ വേനൽക്കാലത്ത് വയനാട് മേഖലയിൽ, വെള്ളം വറ്റിയ കുളങ്ങളിൽ, വാഹനത്തിൽ വെള്ളം എത്തിച്ചും,വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്.<br><br>വന്യജീവികൾക്ക് വനത്തിനുള്ളിൽ തീറ്റ ഉറപ്പാക്കാൻ വിദേശയിനം വൃക്ഷങ്ങൾ/കളകൾ നീക്കം ചെയ് തദ്ദേശ ഇനങ്ങൾ/ സ്വാഭാവിക ഇനങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്യുന്നത് കൂടാതെ പരിസ്ഥിതിദിനം, വനമഹോത്സവം എന്നിവയോടനുബന്ധിച്ച് വനത്തിനുള്ളിൽ ഫലവൃക്ഷത്തൈകൾ, തീറ്റപ്പുൽ എന്നിവ നട്ടുപിടിപ്പിക്കുകയും ചെയ്യുന്നുണ്ട്. വനത്തിനുള്ളിൽ മുള, ഈറ എന്നിവ നട്ടുപിടിപ്പിച്ച് വന്യജീവികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്താറുണ്ട്. വയൽ മെയിൻറനൻസ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ യഥാവിധം നടത്തി വനത്തിലെ ജൈവവൈവിധ്യം സംരക്ഷിച്ചുവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ